A1/79/2026-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമിയ്ക്ക് 2026-27 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിച്ചുത്തരവാകുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.331/2026/CLAD തീയതി,തിരുവനന്തപുരം, 01-07-2026

പരാമർശം:-

1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
2. സ.ഉ.(സാധാ)നം.295/2026/സാം.കാ.വ. തീയതി 15.05.2026
3. കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 12.06.2026 തീയതിയിലെ എ7/1574/2026/സം.നാ.അ. നമ്പർ കത്ത്

**ഉത്തരവ്**

കേരള സംഗീത നാടക അക്കാദമിയ്ക്ക് 2026-27 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 1,18,10,000/- രൂപ (ഒരു കോടി പതിനെട്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആദ്യ ഗഡുവായി 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) പരാമർശം (2) ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. പരാമർശം (3) പ്രകാരം രണ്ടാം ഗഡു അനുവദിക്കുന്നതിന് അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംഗീത നാടക അക്കാദമിയ്ക്ക് 2026-27 സാമ്പത്തിക വർഷം "2205-00-102-90-00-36" (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 13,00,000/- രൂപ (പതിമൂന്ന് ലക്ഷം രൂപ മാത്രം) രണ്ടാം ഗഡുവായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള സംഗീത നാടക അക്കാദമിയുടെ തൃശ്ശൂർ സബ് ട്രഷറിയിലുള്ള 713021400000207 എന്ന STSB അക്കൗണ്ട് നമ്പരിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ രണ്ടാം ഗഡുവായി അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും അടുത്ത ഗഡുവിനുള്ള പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3481262/EDN-D1/78/2026-FIN dated 27.06.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 02-07-2026 15:34:33